കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്

നം.4337724/ഡി1/2020/ഭ.സി.സ.വ

തിരുവനന്തപുരം
തീയതി: 02.04.2020

ഗവണ്മെന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്.
എല്ലാ ജില്ലാകളക്ടർമാർക്കും.
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും.

സർ,

വിഷയം: ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ശിശുഭവനങ്ങൾ, വൃദ്ധ സദനങ്ങൾ, ആതുര ചികിത്സാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യ ലഭ്യത ഉറപ്പാക്കുന്നത് - സംബന്ധിച്ച്

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ശിശുഭവനങ്ങൾ, വൃദ്ധ സദനങ്ങൾ, ആതുര ചികിത്സാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യ ലഭ്യത ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ എന്നിവരിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കി, സപ്ലൈകോയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അടിയന്തിര സാഹചര്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷണലഭ്യത ഉറപ്പായി പരിഗണിക്കേണ്ടതും വീഴ്ചയുണ്ടാവുന്നില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ
**മണിലാൽ. ബി.എസ്**
**ജോയിന്റ് സെക്രട്ടറി**
സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

REDMI NOTE 5 PRO
MI DUAL CAMERA